**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 719** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. എ. കെ. എം. അഷ്‌റഫ്

ശ്രീ. സി. കെ. കാസിം

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യജീവികളുടെ എണ്ണം വനവിസ്തൃതിയ്ക്ക് അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ;

**<u>മറുപടി:</u>** ഇക്കാര്യത്തിൽ ശാസ്ത്രീയമായ ഒരു പഠനം ആവശ്യമാണ്. കേരളത്തിലെ കാടുകളിലെ വന്യജീവികളുടെ വാഹകശേഷി പഠനം ഡെറാഡൂണിലെ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഏതെങ്കിലും വനപ്രദേശത്ത് തങ്ങാനാകുന്നതിൽ കൂടുതൽ വന്യമൃഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയാൽ അവയെ മറ്റു പ്രദേശങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** കാടുകളിലെ വന്യജീവി വാഹകശേഷി പഠനറിപ്പോർട്ട് ലഭിച്ച ശേഷം ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തെക്കുറിച്ച് ശാസ്ത്രീയമായ/നിയമപരമായ പരിഹാരം കണ്ടെത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(സി)** വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ “Vision 2031"തയ്യാറാക്കിയിട്ടുള്ളതാണ്. മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽതന്നെ നിലനിർത്തുക , മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം , അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ

സ്ഥാപിക്കുക, AI, ഡ്രോൺ എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക, അതോടൊപ്പം പ്രാദേശിക ആദിവാസി കൂട്ടായ്മകളുടെ സഹവർത്തിത്തം ഉറപ്പാക്കുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ളതും നീതിപൂർണ്ണവുമായ നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും Vision 2031-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**